# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2784

20.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഭൂമി കൈയ്യേറ്റവും വ്യാജ ഭൂമി ഇടപാടുകളും

ചോദ്യം

ശ്രീ.കെ.കെ.ജയചന്ദ്രൻ

ശ്രീ.കെ.സുരേഷ് കുറുപ്പ്

ശ്രീ.സാജു പോൾ

ശ്രീ. പി.കെ.ഗുരുദാസൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കോട്ടയം, ഇടുക്കി ജില്ലകളിൽ വ്യാപകമായ തോതിൽ സർക്കാർ ഭൂമി കൈയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇടുക്കി, കോട്ടയം ജില്ലകളിൽ വ്യാപകമായ തോതിൽ സർക്കാർ ഭൂമി കയ്യേറ്റം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇടുക്കി ജില്ലയിൽ ഒറ്റപ്പെട്ട ചില കൈയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളത് ദേവികുളം സബ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി, ബന്ധപ്പെട്ട തഹസിൽദാർ, സ്പെഷ്യൽ റവന്യൂ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലും ഭൂസംരക്ഷണ സേനയുടെ സഹായത്തോടു കൂടിയും ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | റവന്യൂ ,രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ അറിവോടെ വ്യാജ ഭൂമി ഇടപാടുകൾ ധാരാളം നടക്കുന്ന കാര്യം അറിയാമോ; | റവന്യൂ, രജിസ്ട്രേഷൻ ഉദ്യോഗസ്ഥരുടെ അറിവോടെ വ്യാജ ഭൂമി ഇടപാടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാജഭൂമി ഇടപാടുകൾ റിപ്പോർട്ട് ചെയ്യുന്നവയിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വാഗമൺ പ്രദേശങ്ങളിൽ സർക്കാർ ഭൂമി ഫ്ലോട്ടിംഗ് പട്ടയരീതിയിൽ കൈയ്യേറിയതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ; | വാഗമൺ പ്രദേശങ്ങൾ സർക്കാർ ഭൂമി ഫ്ലോട്ടിംഗ് പട്ടയരീതിയിൽ കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പട്ടയം നൽകിയ സർവ്വെ നമ്പരിൽപെട്ട സ്ഥലം അനധികൃതമായി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം കൈയ്യേറ്റങ്ങൾ തടയുകയും അതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ? | നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ